**കേരള സർക്കാർ**
**ധനകാര്യ (ബി.ഡി & ജി.ബി ) വകുപ്പ്**

**നം : 51/18/ധന**

തിരുവനന്തപുരം
തീയതി 12/06/2018

<u>പരിപത്രം</u>

വിഷയം :- ധനകാര്യ ( ബി ഡി & ജി ബി ) വകുപ്പ് -ബഡ്ജറ്റ് മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനുവേണ്ടി ബഡ്ജറ്റ് മോണിറ്ററിംഗ് സോഫ്റ്റ് വെയർ സംവിധാനത്തിൽ പ്രത്യേക മോഡ്യൂൾ ചേർത്തിട്ടുണ്ട്. ഇതിന്റെ യൂസർ മാന്വൽ എല്ലാ വകുപ്പുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ കൃത്യമായ പുരോഗതി ബി എം എസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദേശം നൽകിയിരുന്നു. എന്നാൽ പല വകുപ്പുകളും യഥാസമയം സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തതായി കാണുന്നില്ല. ആയതിനാൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ചുള്ള നിയമസഭാ ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകാൻ കഴിയാത്ത സാഹചര്യം നിലനില്ക്കുന്നു.

മേൽ സാഹചര്യത്തിൽ എല്ലാ വകുപ്പ് മേധാവികളും ബഡ്ജറ്റിൽ പ്രഖ്യാപിച്ച അതാതു വകുപ്പുകളെ സംബന്ധിക്കുന്ന പദ്ധതികളുടെ ഇതുവരെയുള്ള പുരോഗതി ബഡ്ജറ്റ് മോണിറ്ററിംഗ് സോഫ്റ്റ് വെയറിൽ 30/06/2018 ന മുൻപ് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്

സഞ്ജീവ് കൗശിക് ഐ.എ. എസ്.
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം )

പകർപ്പ് :-

എല്ലാ വകുപ്പ് മേധാവികൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ